## ഡി സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി

# അധ്യയനത്തിലും സൗകര്യത്തിലും രാജ്യാന്തരനിലവാരം

ധനം ന്യൂസ് ബ്യൂറോ

വാഗമണ്ണിലെ പ്രകൃതിരമണീയമായ കാംപസിൽ ലോകോത്തര നിലവാരത്തിലുള്ള മാനേജ്മെന്റ് പഠനമാണ് ഡി.സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി പകർന്ന് തരുന്നത്. 30 ഏക്കറോളം പരന്ന് കിടക്കുന്ന മനോഹരമായ കാംപസിലാണ് ട്രെഡീഷണൽ ആർക്കിടെക്ചറിൽ രൂപപ്പെടുത്തിയ കോളെജ് സമുച്ചയം സ്ഥിതി ചെയ്യുന്നത്.

മൂന്ന് ബിസിനസ് സ്കൂളുകളാണ് ഡിസി എസ് മാറ്റ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കീഴിലുള്ളത്. വാഗമണ്ണിലെ ഡി.സി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, ഡിസി എസ് മാറ്റ് ബിസിനസ് സ്കൂൾ, തിരുവനന്തപുരത്തെ ഡിസിഎസ് മാറ്റ് സ്കൂൾ ഓഫ് മീഡിയ ആൻഡ് ബിസിനസ് എന്നിവയാണിവ. ഡിസി ബുക്ക്സ്, ഡിസി കിഴക്കേമുറി ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങളാണ് ഗ്രൂപ്പിനെ നയിക്കുന്നത്.



മാനേജ്മെന്റ് കോഴ്സുകൾ: എം.ബി.എ, പി.ജി.ഡി.എം

പ്രധാന പ്രത്യേകത: രാജ്യാന്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും മികവുറ്റ പഠനരീതികളും

എ.ഐ.സി.റ്റിയുടെ അംഗീകാരം, എം.ജി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ, ഐ.എസ്.ഒ അംഗീകാരം എന്നിവയെല്ലാം ഈ സ്ഥാപനത്തിന് സ്വന്തം.

120 സീറ്റുകളുള്ള എം.ബി.എ, 120 സീറ്റുകളുള്ള പി.ജി.ഡി.എം എന്നീ കോഴ്സുകളാണ് ഇവർ നടത്തുന്നത്. ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഓപ്പറേഷൻസ്, ഇന്റർനാഷണൽ ബിസിനസ്, റീറ്റെയ്ൽ, സപ്ലൈ ചെയ്ൻ ആൻഡ് ലോജിസ്റ്റിക്സ് എന്നീ സ്പെഷലൈസേഷനുകളിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാം.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അംഗീകൃത റിസർച്ച് സെന്ററായി ഡിസി സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയെ തെരഞ്ഞെടുത്തിട്ടുണ്ട്. അക്രഡിറ്റേഷൻ ഏജൻസികളുടെ ഉന്നത പദവി ലഭിക്കുന്ന സ്ഥാപനങ്ങൾ കൂടിയാണ് ഡിസി ഗ്രൂപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ.



രവി ഡി.സി

ലെക്ചർ ഹാൾ, കോൺഫറൻസ് റൂം, ഓഡിറ്റോറിയം, കംപ്യൂട്ടർ ലാബ്, ലൈബ്രറി, മൾട്ടിമീഡിയ സെന്റർ, റിസർച്ച് സെന്റർ, ഹോസ്റ്റൽ, ജിംനേഷ്യം, മിനി മാർക്കറ്റ്, കഫെറ്റീരിയ തുടങ്ങിയ സൗകര്യങ്ങളെല്ലാം കാംപസിൽ ഒരുക്കിയിരിക്കുന്നു.

പ്രായോഗിക വിദ്യാഭ്യാസം വിദ്യാർത്ഥികളിലെത്തിക്കാൻ അതിനൂതനമായ പദ്ധതികളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്. എല്ലാദിവസവും വൈകുന്നേരം ഏഴ് മണിക്ക് ഈവനിംഗ് പ്രസന്റേഷൻ, വ്യക്തിത്വ വികസന പരിപാടി, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, പൂർവ വിദ്യാർത്ഥികളുമായുള്ള സമ്പർക്ക പരിപാടി, ഇൻഡസ്ട്രി ഇന്ററാക്ഷൻ തുടങ്ങിയവ ഇവിടെ പഠനത്തിന്റെ ഭാഗമാണ്. വൻകിട സ്ഥാപനങ്ങളാണ് ഇവിടെ പ്ലേസ്മെന്റിനായി എത്തുന്നതെന്ന് ഗ്രൂപ്പിന്റെ ചീഫ് ഫസിലിറ്റേറ്റർ രവി ഡി.സി പറയുന്നു.

നാഷണൽ, മൾട്ടിനാഷണൽ കമ്പനികളിലെ പ്രതിനിധികൾ ഇവിടെ ക്ലാസുകളെടുക്കാൻ സ്ഥിരമായി എത്താറുണ്ടെന്ന് കോളെജധികൃതർ പറഞ്ഞു. പി.ജി.ഡി.എം കോഴ്സിന്റെ സീറ്റ് 120 ൽ നിന്ന് 180 ആക്കി വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് കോളെജ് അധികൃതർ നടത്തുന്നത്. ഇതേ കോഴ്സിൽ അഗ്രി ബിസിനസ് മാനേജ്മെന്റ് ആൻഡ് ഹെൽത്ത് കെയർ മാനേജ്മെന്റ് കൂടി ചേർക്കുക, എൻ.ബി.എയുടെയും നാക്കിന്റേയും അക്രഡിറ്റേഷൻ, ഫുൾ ടൈം പി.എച്ച്.ഡി റിസർച്ച് പ്രോഗ്രാം ആവിഷ്കരിക്കുക എന്നിവയാണ് ഭാവിപരിപാടികൾ. ■